

13-01-2023

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/01/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാം. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്..

2. കോഴിക്കോട് ചാത്തമംഗലം കോഴി വളർത്തൽ കേന്ദ്രത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. തീവ്ര വ്യാപനശേഷിയുള്ള എച്ച് 5 എൻ 1 വകഭേദമാണ് സ്ഥിരീകരിച്ചത്. ജനുവരി 6 മുതൽ 1800 കോഴികൾ ചത്തതായാണ് റിപ്പോർട്ട്. ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിൽ എത്തിച്ച് സാമ്പിളുകൾ പരിശോധിക്കുകയായിരുന്നു. അയ്യായിരത്തിലധികം കോഴികളാണ് ഫാമിൽ ഉള്ളത്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് കോഴിക്കോട് മൃഗസംരക്ഷണ ഓഫീസ് വിഭാഗം ജില്ലാ ആരോഗ്യവിഭാഗം എന്നിവർ വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയതായി മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു.

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ നല്ല കായ്ഫലം തരുന്ന ഏകദേശം 1400 തെങ്ങുകളിൽ നിന്ന് 01/02/2023 മുതൽ 31/01/2024 വരെയുള്ള ഒരുവർഷ കാലയളവിൽ കരിക്കും നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് ഈ മാസം 23-ന് (23.01.2023 ന്) രാവിലെ 12.00 മണിക്ക് പരസ്യ ലേലം നടത്തുന്നതായിരിക്കും. www.kau.in എന്ന

സർവ്വകലാശാല വെബ്സൈറ്റിൽ തെങ്ങ് ദർഘാസ്/ലേലനോട്ടീസ് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ, **0487 2961457** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ കോളേജുകളിലായി ബി.ടെക് ഡയറി ടെക്നോളജി, ഫുഡ് ടെക്നോളജി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ ഈ മാസം 17-ന് (17.01.2023 ന്) നടത്തുന്നു. താൽപര്യമുള്ള വിദ്യാർഥികൾ വയനാട് ജില്ലയിലെ പൂക്കോടുള്ള സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സിലെ ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച് കാര്യാലയത്തിൽ 17-ന് (17.01.2023) രാവിലെ 11.00 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള സർവകലാശാല, വിജ്ഞാപനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫാം ബിസിനസ്സ് സ്കൂളിന്റെ അഞ്ചാമത്തെ ബാച്ച് ഫെബ്രുവരി 2 മുതൽ ആരംഭിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഹയർസെക്കൻഡറി. അപേക്ഷഫീസ് 5000 രൂപയാണ്. ഈ മാസം 27 (ജനുവരി 27) ആണ് അപേക്ഷ നൽകേണ്ട അവസാന തീയതി. https://forms.gle/PfUXNoX3Txkuf9MN8 എന്ന ലിങ്കിലൂടെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജനുവരി 16 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. ചീരകൃഷിയ്ക്ക് അനുയോജ്യമായ സമയമാണിപ്പോൾ. ചീര വിത്തുകൾ പാകുന്നതിനു മുൻപായി സ്യൂഡോമോണാസ് അല്ലെങ്കിൽ ട്രൈക്കോഡെർമ്മ ഉപയോഗിച്ച് വിത്ത് പരിചരിച്ച ശേഷം വിത്തുകൾ പാകുക. ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി മണ്ണിൽ ചേർത്ത ശേഷം നടുന്നത് രോഗങ്ങളെ പ്രതിരോധിക്കാൻ ഒരു പരിധി വരെ സഹായിക്കും. ചീര വിത്തുകൾ പാകുമ്പോൾ പച്ചയും ചുവപ്പും ഇനങ്ങൾ ഇടകലർത്തി നടുന്നത് വഴി രോഗങ്ങളെ ചെറുക്കുന്നതിനും സഹായിക്കും. രോഗം പകരാതിരിക്കാൻ മുൻകരുതലായി ചീരയ്ക്ക് നന നൽകുമ്പോൾ നേരിട്ട് ഇലകളിൽ തളിക്കാതെ ചുവട്ടിലായി നന നൽകാൻ ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം